പിന്നെ ഏറ്റവും ചുമതലയേറിയതും, കൊച്ചിരാജ്യത്തെ ജനങ്ങളെ ആകെ സ്പർശിക്കു ന്നതുമായ സപ്ലൈ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി രണ്ടുവാക്കു പറയാം. ഇക്കൊല്ലത്തിൽ സ പ്ലൈ വകുപ്പിൽ എത്ര ലക്ഷം ഉറുപ്പിക ലാഭമുണ്ടായിട്ടുണ്ടെന്നറിയുവാൻ പൊതുജനങ്ങൾ ഇപ്പോൾ അത്യൽക്കണ്ഠയോടുകൂടി നോക്കിയിരിക്കുകയാണു്. ആൻറി ഹോർഡിംഗ് ആൻറ പ്രോഫിറ്റിറിംഗ് നിയമത്തെ അതിലംഘിച്ചു് ലക്ഷക്കണക്കിനു് ആദായമെടു ത്തു സാധുജനങ്ങളെ പട്ടിണിക്കിട്ടു് സക്കാരിലേക്കു മുതൽകൂട്ടുന്നതു് ബഹുമാനപ്പെട്ട ഫുഡ് സപ്ലൈ ഡയറക്ടർ ആണെന്നാണു് പൊതുജനങ്ങൾ സംശയിക്കുന്നതു്. ആ വകുപ്പിനെപ്പ റ്റി സൂക്ഷ്മമായി പരിശോധിച്ചാൽ അതിലെ വിഷമതകൾ എത്രത്തോളമുണ്ടെന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. അനേകായിരം കൊല്ലങ്ങളായി അരിഭക്ഷണം മാത്രം കഴിച്ചു ജീവിച്ചുവന്ന ജനങ്ങളോടു് പെട്ടെന്നു് ബജ്റ, ചോളം, ഗോതമ്പു്, മുതലാ യവ ഭക്ഷിക്കുവാനാണു പറയുന്നതു്. ആഴ്ചയിൽ ചുരുങ്ങിയതു് ആറിടങ്ങഴി അരിയെങ്കിലും ഭക്ഷിച്ചുവന്ന ഒരാൾക്കു് ഇപ്പോൾ ആഴ്ചയിൽ ൫ നാഴി അരിയാണു് ഭക്ഷിക്കുവാൻ കിട്ടിവരു ന്നതു്. അതും അക്രമമായ വിലക്കാണു്. ബ്രിട്ടീഷിൽ ആൾ ഒന്നുക്കു് ഒരു ദിവസം ഒന്നര നാ ഴി അരിവീതമാണു് റേഷൻ കൊടുത്തുവരുന്നതു്. വിലയും കുറവാണു്. അങ്ങിനെ വരുമ്പോഴാ ണു് നിയന്ത്രണമില്ലാത്ത ചാരായം, കള്ളു് മുതലായ പാനീയങ്ങൾ കുടിക്കുവാൻ ആളു കൾ നിർബ്ബന്ധിതരാകുന്നതു്. അങ്ങിനെ അവർ നിർബ്ബന്ധിതരാകകൊണ്ടാണല്ലൊ കൺ ട്രാക്ടർമാർ അധികസംഖ്യക്കു ഷാപ്പുകൾ ലേലംവിളിക്കുവാൻ ഇടവരുന്നതു്. ഈ വി ധത്തിൽ ഇരട്ടിച്ചു വരവുണ്ടാക്കി ഗവമ്മേണ്ടു ലാഭമെടുക്കുന്നതു് സാധുജനങ്ങളുടെ ആരോ ഗ്യത്തെ നശിപ്പിച്ചും, അവരുടെ കുടുംബങ്ങളിൽ സമാധാനലംഘനം ഉണ്ടാക്കിയുമല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒന്നുകിൽ ഭക്ഷണസാധനം കൂടുതൽ തരിക, അല്ലെ ങ്കിൽ വില കുറച്ചുതരിക എന്നാവശ്യപ്പെട്ടാൽ സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽനിന്നു് കുറെ കമ്മിറ്റിക്കളെയാണു നമുക്കു പ്രദാനം ചെയ്യുന്നതു്. പഞ്ചസാര, മണ്ണെണ്ണ, അരി മുതലായവ

LIBRARY ARCHIVES Kerala Legislative Assembly

പോലെതന്നെ ജനങ്ങൾക്ക് അത്യാവശ്യമുള്ള ഉള്ളി, വെളിച്ചെണ്ണ മുതലായവക്കുംകൂടി നിയന്ത്രണം ഉണ്ടാക്കിയാൽ നന്നായിരുന്നു. നിയന്ത്രണം ഉള്ള സാധനങ്ങൾ വിറ്റിരുന്ന കച്ചവടക്കാർ ഇപ്പോൾ ആ വക ലാഭത്തിന്റെ കോട്ടം തീർക്കുന്നതു് നിയന്ത്രണമില്ലാത്ത സാധനങ്ങളിൽനിന്നാണു്. പണക്കാരായിട്ടുള്ള ആളുകൾക്ക് കരിഞ്ചന്തയെ ആശ്രയിച്ചാൽ മതിയാകും. എന്നാൽ സാധുക്കളുടെ കാര്യമാണു് പട്ടിണിയാകുന്നതു്. ഇങ്ങിനെ സാധുക്കളെ പട്ടിണിയിട്ടു് ലാഭമുണ്ടാക്കി സർപ്ലസു് ബഡ്ജറ്റ് കാണിക്കുന്ന നയം ഒട്ടും ശരിയല്ല. വലിയ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർക്കോ ആണ്ടോടാണ്ടു് ഉണ്ണാനുള്ള നെല്ലു് കഴിച്ചു് ബാക്കിയുള്ളതു കരിഞ്ചന്തയിൽ വിറ്റു് ആദായമുണ്ടാക്കുന്ന ആളുകൾക്കോ ഈ സാധുക്കളുടെ കഷ്ടതകളെപ്പറ്റി അറിയുവാനോ, അവരുടെ കഷ്ടതകൾക്കു പരിഹാരമുണ്ടാക്കുവാനോ ഉത്സാഹമുണ്ടായിരിക്കയില്ല. അതുകൊണ്ടു് ഗവർമ്മെണ്ടു ദയവുചെയ്തു സാധാരണക്കാരായ ജനങ്ങളുടെ വിഷമതകളെ അറിഞ്ഞു വേണ്ടവിധം പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

യുദ്ധംമൂലം ചിലവു് ഒട്ടുംതന്നെയില്ലാതെ വരവു് വളരെയധികം വർദ്ധിച്ചിരിക്കുന്നതു് ഒരു ഒറ്റ കൂട്ടർക്കു മാത്രമാണു്. അവർ യാതൊരു ജോലിയും ചെയ്യേണ്ടതുമില്ല. പണ്ടത്തെ കാലത്തു് അരപ്പണമോ മുക്കാൽ പണമോ പലിശ മുട്ടന്നതരത്തിൽ വിലവെച്ചു് മേടിച്ചിട്ടുള്ള ഭൂമികളിൽനിന്നു ഇപ്പോൾ മൂന്നോ നാലോ ഇരട്ടിയാണു് അവർക്കു ലാഭം കിട്ടുന്നതു്. കൃഷി ചെയ്യുന്നതിനു് ആവശ്യമായ സാധനങ്ങളുടെ വില, കൂലി മുതലായവ നാലും അഞ്ചും ഇരട്ടിയായി വർദ്ധിച്ചിട്ടുള്ളതുകൂടി ജന്മിമാർ അറിയുന്നില്ല. കുംഭം, മീനം മാസങ്ങളിലെ വെയിലും മിഥുനം, കർക്കടക മാസങ്ങളിലെ മഴയും ധനു മകര മാസങ്ങളിലെ മഞ്ഞും തണുപ്പുംകൊണ്ടു് മുഷിമുട്ടി കൃഷി ചെയ്യണ്ടാക്കുന്നതിന്റെ ദുഃഖഭാഗവും യാതൊരു പണിയും എടുക്കാതെ തങ്ങളുടെ മാളികമുകളിൽ മണിമഞ്ചത്തിലിരുന്നും ഉറങ്ങിയും സുഖമായി കഴിച്ചുകൂട്ടുന്ന ജന്മിമാരാണു് അനുഭവിക്കുന്നതു്. ഇപ്പോൾ രണ്ടായിരമോ അതിൽ കൂടുതലോ ആദായമുള്ളവർക്കു് ഇൻകംടാക്സു് ചുമത്തിയിരിക്കുന്നതുപോലെതന്നെ ഭൂമിയിൽ നിന്നുള്ള വരവു് രണ്ടായിരമോ അതിൽക്കൂടുതലോ ഉറപ്പിക്കുന്നവർക്കും കൂടി നികുതി ചുമത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അവരെ മാത്രം ആദായ നികുതിയിൽനിന്നു് ഒഴിവാക്കിയിരിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല.

ഈ ബ്ലറ്റിൽ എല്ലാ വകുപ്പുകളിലും നിന്നുള്ള വരവു് ഇരട്ടിച്ചും റവന്യു വകുപ്പിൽ മാത്രം വരവു കുറഞ്ഞും ചിലവു കൂടുതലായും കാണുന്നുണ്ടു്. അതുകൊണ്ടു് ശരിയായ ഭൂനികുതി ചുമത്തി വരവു് വർദ്ധിപ്പിച്ചു് ആ പണംകൊണ്ടു് കൃഷി വിപുലീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

വളരെ അടിയന്തിരമായി മറ്റൊരു സംഗതികൂടി എനിക്കു ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുണ്ടു്. എയിഡഡ് സ്കൂൾ ടീച്ചേഴ്സിനു ക്ഷാമബത്ത കൊടുക്കേണ്ടതു് പകുതി ഗവർമ്മെണ്ടിൽനിന്നും പകുതി മാനേജ്മെണ്ടിൽനിന്നും ആണു്. ഉറപ്പികക്കു് ഫണ്ടു അണ കൊടുക്കാത്ത മാനേജർമാരിൽനിന്നു് ബത്ത മുഴുവനും തികച്ചു് കിട്ടുമെന്നു തോന്നുന്നില്ല. ഈ സഭയിലെ പത്തോ പന്ത്രണ്ടോ ബഃ മെമ്പർമാർതന്നെ എയിഡഡ് സ്കൂൾ മാനേജർമാരാണു്. എന്നാൽ നാലായിരത്തോളം വരുന്ന അദ്ധ്യാപക ലോകത്തിന്റെ കാര്യത്തെ സംബന്ധിച്ചു് അവർ ഒരക്ഷരം പോലും മിണ്ടാതെയിരിക്കുന്നതിൽ വളരെ അതിശയമാണു തോന്നുന്നതു്. ഫീസു് ഉറപ്പിക ശമ്പളം കൊണ്ടുവേണം ഉണ്ണാനുള്ള അരി, വീട്ടുവാടക, കുട്ടികളെ പഠിപ്പിക്കൽ മുതലായവയെല്ലാം അവർക്കു നടത്തുവാൻ. ഇതിനും പുറമെയാണു് വൈദ്യം, വസ്ത്രം ഇവയെല്ലാം അന്വേഷിക്കുവാൻ. ഒരാൾക്കു് അഞ്ചു ദിവസത്തേക്കാണു് അരി കൊടുക്കുന്നതു്. ഇതു മാസ്റ്റർമാരെ ഉദ്ദേശിച്ചാണു് എന്നുതോന്നും. ദിവസം നാഴി അരിയുടെ ഭക്ഷണം കഴിച്ചു് അരവയറോടുകൂടി അവർക്കു കുട്ടികളെ പഠിപ്പിക്കുവാനും ജോലികൾ ശരിയായി നടത്തുവാനും വളരെ വിഷമിക്കേണ്ടിവരുന്നു. ഇപ്പോൾ ഒരു ശിപായിക്കു കിട്ടുന്ന ശമ്പളമോ അലവൻസോ പോലും ഒരു സ്കൂൾമാസ്റ്റർക്കു കിട്ടുന്നില്ല. അതുകൊണ്ടു ഇവരും മറ്റു സർക്കാർ ജീവിനക്കാരെപ്പോലെതന്നെ മനുഷ്യജീവികളാണെന്നുള്ള വിചാരത്തോടുകൂടി മുഴുവൻ ബത്തയും കൊടുക്കേണ്ടതാണെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഇനി എനിക്കു പറയുവാനുള്ളതു് സ്ത്രീ നിയോജകമണ്ഡലത്തെപ്പറ്റിയാണു്. വൃലക്ഷത്തോളം വരുന്ന സ്ത്രീകൾക്കു് രണ്ടുപേർ മാത്രമേ ഇവിടെയുള്ളൂ. ഇനിയെത്ര പ്രാവശ്യം അഞ്ചു താലൂക്കുകളിൽനിന്നും ഓരോ സ്ത്രീ പ്രതിനിധികളെ തിരഞ്ഞെടുക്കത്തക്കവണ്ണം അഞ്ചു

LIBRARY ARCHIVES Kerala Legislative Assembly

കോൺസ്റ്റിറ്റുവെൻസി തരേണ്ടതാണ് എന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ തൽക്കാലം വിരമിക്കുന്നു.

മിസ്റ്റർ സി. കെ. നായർ : സാധാരണ എല്ലാ നിയമസഭകൾക്കുമെന്നപോലെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന അവസരത്തിൽ ബഡ്ജറ്റിനെ നിരൂപണംചെയ്യുവാനുള്ള സ്വാതന്ത്ര്യം നമ്മുടെ നിയമസഭക്കും സംസിദ്ധമായിട്ടുണ്ട്. എന്നാൽ പൊതുജനപ്രതിനിധികൾക്കു നല്കിയിട്ടുള്ള ആ നിരൂപണസ്വാതന്ത്ര്യത്തിനുള്ള അടിസ്ഥാനമെന്താണെന്ന് അതനുവദിച്ചുവർത്തനെ ചിന്തിക്കുന്നുണ്ടോ എന്നു സംശയമാണ്. ബഡ്ജറ്റ് നിരൂപണാവസരത്തിൽ പൊതുജനപ്രതിനിധികൾ നല്കുന്ന നിർദ്ദേശങ്ങൾ അടുത്തവർഷത്തെ ബഡ്ജറ്റ് രൂപവല്ക്കരണത്തിനു നിദാനമായിത്തീരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ അവകാശം അവർക്കു നല്കിയിട്ടുള്ളതെന്നാണെന്റെ വിശ്വാസം. കൊച്ചിയിൽ ബഡ്ജറ്റ് നിരൂപണം തുടങ്ങിയ കാലം മുതൽ ഇതുവരെയും ഇതു് ഒരു മാനദണ്ഡമായി അതിന്റെ നിർമ്മാതാക്കൾ സ്വീകരിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. ഈ നിലയിലുള്ള ഒരു ബഡ്ജറ്റ് നിരൂപണം വളരെ ആവശ്യമായ ഒന്നാണെന്ന് എനിക്കു തോന്നുന്നില്ല. എങ്കിലും ഫ്രാഞ്ചൈസ്-ലേക്ക് ചിലവുചെയ്യുന്നതിനുവേണ്ടി സംഖ്യകൾ നീക്കിവെച്ചിട്ടുള്ള ഒരു ബഡ്ജറ്റ്, ഒരു ഗവൺമെണ്ട്, ജനങ്ങൾ എന്നീ മൂന്നു ഘടകങ്ങളേയും ഒന്നിച്ചുചേർത്തു നോക്കിയാൽ അവശ്യം കാണേണ്ടതായ എന്തെങ്കിലും ഇതിലുണ്ടോ എന്നു നമുക്കു ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു ഗവൺമെണ്ട് ജനങ്ങളുടെ സുഖസൌകര്യങ്ങളെ വേണ്ടുംപോലെ സംരക്ഷിക്കുവാൻ പര്യാപ്തമായ ഒരു സ്ഥാപനമായിരിക്കണം. തങ്ങൾ ഖജനായിൽ നിക്ഷേപിക്കുന്ന സംഖ്യയെ തങ്ങളുടെ സുഖസൌകര്യങ്ങൾക്കായി വ്യയംചെയ്യാൻ പൊതുജനങ്ങൾ അധികാരപ്പെടുത്തുന്നതും അവരാൽ രൂപീകരിക്കപ്പെടുന്നതുമായ സ്ഥാപനമത്രേ ഗവൺമെണ്ട്. ഒരുപക്ഷേ അങ്ങിനെ രൂപീകരിക്കപ്പെട്ടതല്ലെങ്കിലും തങ്ങളുടെ സുഖസൌകര്യങ്ങൾക്കായി ഖജനായിൽ വന്നുചേരുന്ന പൊതുജനങ്ങളുടെ പ്രയത്നഫലത്തെ യഥാവിധി ചിലവുചെയ്യുന്നുണ്ടെങ്കിലും ഗവൺമെണ്ടെന്ന പേർ അസ്ഥാനത്തിലാകണമെന്നില്ല. ഈ നിലയിലും, ഗവൺമെണ്ടെന്നു പറയാവുന്ന ഒരു സ്ഥാപനമാണോ കൊച്ചിയിലെ ഗവൺമെണ്ടെന്നു സംശയമാണ്. ഇപ്പോൾ നമ്മുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റ് മിച്ചമുള്ള ഒരു ബഡ്ജറ്റാണ്. മിച്ചമുള്ള ഒരു ബഡ്ജറ്റാണ് ഇതെന്നുള്ളതുകൊണ്ടുമാത്രം നമുക്കു ഗവൺമെണ്ടിനെ അനുമോദിക്കുവാനോ ഗവൺമെണ്ടിനു് സ്വയം അഭിമാനിക്കുവാനോ അവകാശമുണ്ടെന്നു തോന്നുന്നില്ല.

ഇതിന്റെ ഉള്ളടക്കത്തിലേക്കാണ് നാം കടക്കേണ്ടതു്. ഇവിടെ ഉത്തരവാദിത്വഭരണത്തിന്റെ ഒരു ഛായ എന്ന നിലയിൽ ഒരു മന്ത്രിയെ നമുക്കു നൽകിയതുമുതൽ ആ മന്ത്രിക്കായി, അല്ലെങ്കിൽ ആ മന്ത്രിയുടെ കീഴിലുള്ള ഡിപ്പാർട്ട്മെണ്ടുകളിലേക്കായി, അല്ലെങ്കിൽ ജനസമുദായത്തിന്റെ അഭിവൃദ്ധിക്കായി നീക്കിവെക്കാവുള്ള സംഖ്യ ഇന്നും അതേനിലയിൽതന്നെയാണ് നില്ക്കുന്നതു്. മന്ത്രിയുടെ ഭരണം കൊച്ചിക്കു സിദ്ധമായ കാലത്തുണ്ടായിരുന്ന വരവ് ഇന്നത്തേതിലും എത്രയോ കുറഞ്ഞതായിരുന്നു. വരവു കൂടുതലുള്ള ഈ കാലത്തുപോലും അതിൽനിന്ന് ഒരു പടിയെങ്കിലും മുന്നോട്ടു പോകുവാൻ ഗവൺമെണ്ടു തയ്യാറായിട്ടില്ല. എന്നുവെച്ചാൽ കൊച്ചിരാജ്യത്തിലെ ജനസമ്പത്തിൽനിന്നുള്ള വരവിൽ ഒരു പൈ പോലും അവർക്കുവേണ്ടി കൂടുതൽ വ്യയംചെയ്യുവാൻ, പഴയ മാമൂലിൽനിന്നും വ്യതിചലിക്കുവാൻ ഗവൺമെണ്ടു തയ്യാറാകുന്നില്ല. അതൊന്നു മാത്രം മതി, ജനങ്ങളിൽനിന്നുള്ള വരവ് എത്ര വർദ്ധിച്ചാലും ജനസമ്പത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ഗവൺമെണ്ടു വിസമ്മതിക്കുന്നുവെന്നു കാണുവാൻ.

കൊച്ചിയിൽ ബഡ്ജറ്റ് രൂപീകരിക്കുന്നതിനു് ഒരു പ്രത്യേകതയുണ്ട്. നമ്മുടേതുപോലുള്ള ഇതരഗവൺമെണ്ടുകളും ഇങ്ങിനെയായിരിക്കാം. ബഡ്ജറ്റ് രൂപീകരിക്കുമ്പോൾ ജനസമ്പത്തിന്റെ പണം അവരുടെ ആവശ്യങ്ങൾക്കായി നീക്കിവെച്ചതിനുശേഷം ബാക്കിയുള്ളതുമാത്രമേ ആഡംബരങ്ങൾക്കും ശമ്പളത്തിനും മറ്റുമായി വിനിയോഗിക്കുവാൻ പാടുള്ളുവെന്നതു് ഒരു പ്രധാനതത്വമാണ്. ഉടുക്കുവാൻ വസ്ത്രമില്ലാതെ, ആഹാരം കഴിക്കുവാൻ നിവൃത്തിയില്ലാതെ, കിടക്കുവാൻ പായില്ലാതെ ജനസമുദായം കഷ്ടതയനുഭവിക്കുന്ന അവസരത്തിൽ അതുകൾക്കു നിവാരണം കാണാതെ, പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നു സമ്പ്രദായം തീരെ ആശാസ്യമായിട്ടുള്ളതല്ല. സംഗതിവശാൽ കൊച്ചിയിലെ ഭരണയന്ത്രം നടത്തുന്നതിന്നാവശ്യമുണ്ടെന്നു വിചാരിക്കുന്നിടത്തോളം സംഖ്യ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും മറ്റുമായി നീക്കിവെച്ചതിനുശേഷം ബാക്കിയുള്ളതുകൊണ്ടു മാത്രം ജനസമുദായത്തിന്റെ കാര്യം നോക്കുക എന്നുള്ള നില വന്നിട്ടുണ്ട്. ഇതു കൊച്ചി ഗവൺമെണ്ടു് ജനങ്ങൾക്കുവേണ്ടി ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളാൽ ഭരിക്കപ്പെടുന്ന ഒരു ഗവമ്മെണ്ടല്ലെന്നു പറയുന്നതിനു മതിയായ ഒരു കാരണമാണു്.

ഇനി ഭരണകാര്യത്തിലേക്കു കടക്കാം. വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽ നില്ക്കുന്ന ഒരു രാജ്യമാണു് കൊച്ചിയെന്നു് കൊച്ചി ഗവമ്മെണ്ടു് അഭിമാനത്തോടുകൂടി പറയുകയും, ഇവിടത്തെ ജനസഞ്ചയം അതു നെ അങ്ങിനെതന്നെ അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ടു്. വരുന്ന കൊല്ലത്തിൽ നൂറു ലക്ഷത്തിൽ ചിലപാനം ഉറുപ്പ ക വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലേക്കു നീക്കിവെച്ചുകാണുന്നുണ്ടു്. അതെ, വരവിൽ ഒരു വ ിയ വിഭാഗം വിദ്യാഭ്യാസവിഷയത്തിലേക്കാണു് നീക്കിവെച്ചിട്ടുള്ളതു്. സാഹോദര്യവും സമഭാവനയും തികഞ്ഞ സംസ്കൃതജനസമുദായത്തെ സൃഷ്ടിക്കുവാനുള്ള പരിശ്രമത്തിൽ, സമാധാനസംരക്ഷകരോടുകൂടി ജീവിക്കുവാൻ ജനതയെ സന്നദ്ധമാക്കുന്ന പരിശ്രമത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നുണ്ടു് നമ്മുടെ ഗവമ്മെണ്ടെന്നാണിതു വ്യക്തമാക്കുന്നതു്. പക്ഷെ, നാം മറുപുറത്തു കാണുന്നതെന്തു്? വിദ്യാഭ്യാസത്തിനുവേണ്ടി ചിലവുചെയ്യുവാൻ നൂറു ലക്ഷം ഉറുപ്പിക നീക്കിവെച്ചിട്ടുള്ള ഗവമ്മെണ്ടു് ജനസമുദായത്തിനിടയിൽ സമാധാനം വളർത്തുവാനായി നീതിന്യായം, ജെയിൽ, പോലീസ്, മിലിറ്ററി എന്നീ നാലിനങ്ങൾക്കായി പതിനാറു ലക്ഷത്തി അറുപതിനായിരം ഉറുപ്പിക നീക്കിവെച്ചിരിക്കുന്നു. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ളതിന്റെ പകുതിയിലധികം സംഖ്യ ഈ വിഷയത്തിലേക്കു ചിലവുചെയ്യാനുദ്ദേശിച്ചിട്ടുണ്ടു്. ഇതൊന്നു മതി കൊച്ചിയിലെ വിദ്യാഭ്യാസം പൊള്ളയാണെന്നു കാണാൻ. ഇതു വാസ്തവത്തിൽ കൊച്ചിക്കു് അഭിമാനകരമല്ല വിദ്യാഭ്യാസാഭിവൃദ്ധി എവിടേയും ജനസമുദായത്തിനിടയിൽ സാമാന്യാധികതാപം വളർത്തുവാൻ പര്യാപ്തമാകേണ്ടതാണു്. ഒരുൽ പ്രാഥമിക പാഠശാലകളുള്ള കൊച്ചിയിൽ നൂറോ ലഹരിപദാർത്ഥവ്യാപാരശാലകൾ ഉണ്ടെന്നു കാണാം. വിദ്യാഭ്യാസത്തിനുവേണ്ടി ചിലവുചെയ്യുന്നതു നൂറു ലക്ഷം ഉറുപ്പികയാണെങ്കിൽ ഈ ലക്ഷം ഉറുപ്പികയാണു് അബ്കാരി ഇനത്തിൽനിന്നു മാത്രമുള്ള വരവു്. കൊച്ചിയിലെ ജനസഞ്ചയത്തിനിടയിൽ വിദ്യാഭ്യാസപരമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നു പറയുന്നു നാവുകൊണ്ടുതന്നെ സദാചാരപരമായി കൊച്ചി പ്രതിവർഷമെന്നോണം അധഃപതിച്ചിരിക്കുന്നെന്നു പറയേണ്ടിയിരിക്കുന്നു ജനങ്ങൾക്കുവേണ്ടി ജനങ്ങളെ ഭരിക്കുന്ന മന്നാണു് കൊച്ചിയിലെ ഗവമ്മെണ്ടെങ്കിൽ ഈ ദുരവസ്ഥയുണ്ടാകുന്നു! വൈദ്യം, വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം മുതലായതുകളാണു് ജനങ്ങൾക്കു് അത്യന്താപേക്ഷിതങ്ങളായുള്ള സാധനങ്ങൾ. ഇതിൽ കൊച്ചിയിലുള്ള വൈദ്യസഹായത്തിന്റെ രീതി എന്താണെന്നു നോക്കാം. രണ്ടുകോടി എട്ടുലക്ഷത്തിൽപരം ഉറുപ്പിക വരവുള്ള കൊച്ചിയിൽ ആസ്പത്രികളിൽ മരുന്നു വകക്കായി ഒരുലക്ഷത്തി എഴുപത്തായിരം ഉറുപ്പികയാണു് നീക്കിവെച്ചിട്ടുള്ളതു്. ൧൯൩൫-ൽ കൊച്ചിയിലെ ആസ്പത്രികളിൽ എല്ലാംകൂടി പത്തുലക്ഷത്തി നാല്പതിനായിരത്തി എണ്ണൂററി എണ്പത്തിമൂന്നു രോഗികളെ ചികിത്സിച്ചിട്ടുണ്ടെന്നു വൈദ്യസംബന്ധമായ ഭരണറിപ്പോർട്ടിൽ കാണുന്നു. എന്നുവെച്ചാൽ ൧൦,൪൫,൮൮൩ പേക്കു് ൧,൭൪,൦൦൦ ഉറുപ്പിക മാത്രമേ മരുന്നിനു ചിലവുചെയ്യുന്നുള്ളു. ഇതിൽനിന്നും ആളൊന്നുക്കു് എത്ര അണയുടെ മരുന്നു കിട്ടുന്നുണ്ടെന്നു കാണുവാൻ വിഷമിക്കും. ഈ രോഗികളിൽ നൂറു,നൂറ്റി പേർ ആസ്പത്രികളിൽ കിടന്നു വൈദ്യസഹായം സമ്പാദിച്ചവരാണു്. അവരുടെ ഭക്ഷണത്തിനായി ഈ കൊല്ലത്തെ കണക്കനുസരിച്ചു് ൯൬,൦൦൦ ഉറുപ്പികയാണു് നീക്കിവെച്ചിട്ടുള്ളതു്. അതനുസരിച്ചു് ഒരു രോഗിക്കു് ഒരു ദിവസം എത്ര അണക്കുള്ള ആഹാരമാണു് കിട്ടുന്നതെന്നും നല്ലപോലെ വ്യക്തമാകുന്നില്ലേ? അവരുടെ കിടപ്പിനുള്ള ഉപകരണങ്ങൾക്കും വസ്ത്രങ്ങൾക്കുംകൂടി ൧൬,൦൦൦ ഉറുപ്പികയാണു് നീക്കിവെച്ചിട്ടുള്ളതു്. ഇപ്പോൾ കൊച്ചിയിലെ ആസ്പത്രികളിൽ പ്രതിവർഷം രോഗികളുടെ എണ്ണം ക്രമേണ കൂടിക്കൂടി വരികയാണു്. മരുന്നു്, ഭക്ഷണസാധനങ്ങൾ എന്നിവയുടെ വിലയും വർദ്ധിക്കുന്നു. എന്നിട്ടും കഴിഞ്ഞകൊല്ലത്തിൽ മരുന്നിനും ഭക്ഷണത്തിനും എത്ര ചിലവുചെയ്തുവോ അതേസംഖ്യതന്നെയാണു് വരുന്ന കൊല്ലത്തേക്കും നീക്കിവെച്ചിട്ടുള്ളതു്. ഇങ്ങിനെ ജനസമുദായത്തിന്നാവശ്യമായ ഭാഗങ്ങളിൽ മനസ്സും കൈവെക്കാതെ, കൊച്ചിരാജ്യത്തിലെ നികൃതിദായകന്മാരോടു പ്രത്യക്ഷമായും, ജനങ്ങളുടെ രക്തത്തിൽ വിഷം കലർത്തി പരോക്ഷമായും ഒരു വലിയ സംഖ്യ പിരിച്ചെടുത്തു്, ഖജാന വീർപ്പിക്കുന്ന നമ്മുടെ ഗവമ്മെണ്ടു് ജനസമുദായത്തിന്റെ ആവശ്യത്തിനുവേണ്ടി നിസ്സാരമായ ഒരു സംഖ്യ മാത്രം ചിലവുചെയ്തു തുലിപ്പെടുന്നു. എത്ര പരിതാപകരമായ ഒരവസ്ഥയാണു് ഇതെന്നു ചിന്തിക്കുക!

ജനകീയതാല്പര്യങ്ങളിൽ ഗവമ്മെണ്ടിനുള്ള ശ്രദ്ധയെത്രയെന്നു കാണുവാൻ ൧൯൩൫-ലെ ബഡ്ജറിലേക്കുകൂടിയും ഈ സഭയുടെ ശ്രദ്ധയെ ഞാൻ ആകർഷിച്ചുകൊള്ളുന്നു. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്തെ ബഡ്ജറ്റിൽ ഫസ്റ്റ്,൪,൦൦൦ ഉറുപ്പികയാണ് മിച്ചമുണ്ടായിരുന്നതു്. കൊല്ലാവസാനത്തിൽ ഇത്രതന്നെ ഉറുപ്പിക വരവ്ലും ചിലവിലും വർദ്ധിക്കയുമുണ്ടായി. ഇങ്ങിനെ കൂടുതൽ ചിലവുചെയ്ത ഫസ്റ്റ് ലക്ഷത്തിൽപ്പരം ഉറുപ്പികയിൽനിന്നും ദേശോദ്ധാരണപരങ്ങളല്ലാത്ത വകുപ്പുകളിലേക്കായി മാത്രം ഫസ്റ്റ്,൫൭,൭൦൦ ഉറുപ്പികയും ഗവമ്മെണ്ടു ചിലവുചെയ്തു. ഫസ്റ്റ ലക്ഷത്തിലധികം ഉറുപ്പിക ചിലവുചെയ്യുവാൻ കൊച്ചിയിൽ ഉണ്ടായിരുന്നിട്ടും അതിൽനിന്നു് ദേശോദ്ധാരണവകുപ്പുകൾക്കായി ര്,൭൫,൫൦൦ ഉറുപ്പിക മാത്രം ചിലവുചെയ്യാനേ നമ്മുടെ ഗവമ്മെണ്ടിനു ദയവുണ്ടായുള്ളു. അതിൽനിന്നു ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കൂടുതലും ക്ഷാമബത്ത മുതലായതും കഴിച്ചാൽ ജനതയുടെ ജീവിതസുഖങ്ങളെ വർദ്ധിപ്പിക്കാൻ എത്ര ഉറുപ്പികയാണു് വ്യയംചെയ്തിട്ടുള്ളതെന്നു കാണാൻ പ്രയാസമില്ലതന്നെ. ദയവുചെയ്തു് ഈവക ബഡ്ജറ്റു രൂപീകരണം മാറ്റിവെച്ചു് പൊതുജനങ്ങളുടെ പണം കൊണ്ടാണു് ഗവമ്മെണ്ടു കൈകാര്യം ചെയ്യുന്നതെന്നും, അതു പൊതുജനങ്ങൾക്കു വീതിച്ചു കൊടുക്കേണ്ടതാണെന്നുമുള്ള ബോധത്തോടുകൂടി പെരുമാറണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ഇനി ഭരണകാര്യത്തിൽ കൊച്ചി ഗവമ്മെണ്ടു ചെയ്യുന്ന മറ്റു ചില സുഖമല്ലാത്ത പ്രവൃത്തികളെപ്പറ്റിയാണു് എനിക്കു പറയുവാനുള്ളതു്. ഞാൻ നേരത്തേ പറഞ്ഞതുപോലെ ബഡ്ജറ്റു വിമർശനാവസരത്തിൽ ചെയ്യുന്ന നിരൂപണങ്ങളെ നിദാനമായി സ്വീകരിച്ചു വേണം അടുത്ത കൊല്ലത്തെ ബഡ്ജറ്റു രൂപീകരിക്കാനെന്നു ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

കൊച്ചിയിലെ ഔദ്യോഗിക ഭാഷാമതിയെ ഈ സഭ ഏതോ കാലം മുതല്ക്കുതന്നെ പ്രതിഷേധിച്ചുവരുന്നുണ്ടു്. ന്യായമായ ഒരു ആവശ്യം, പൊതുജനപ്രതിനിധികൾക്കുകൂടിയും സമ്മതിച്ചുകൊടുക്കുവാൻ വിരോധമില്ലാത്ത ഒരു ആവശ്യം വരുമ്പോഴല്ലാതെ ഏതെങ്കിലും ഒരു ഭാഷാമതി ഈ സഭ സ്വീകരിക്കാറില്ല, അനുവദിക്കാറില്ല. ഇപ്പോഴാകട്ടെ കഴിഞ്ഞ ബഡ്ജറ്റു സമ്മേളനത്തിലോ അതിനു മുമ്പിലത്തെ ബഡ്ജറ്റു സമ്മേളനത്തിലോ വെച്ചു് പോലീസ് കമ്മീഷണരുടെ ഭാഷാമതിയെ ഈ സഭ കലശലായി ആക്ഷേപിക്കയുണ്ടായി. ആ ആക്ഷേപമത്രയും മുമ്പിൽ വെച്ചുകൊണ്ടും, നാലുമാസക്കാലത്തേക്കു കൊച്ചിയിലെ പോലീസ് കമ്മീഷണർ അവധിയിൽ പോയിരിക്കെ പോലീസ് കമ്മീഷണരായി ഒരാളെ ഇവിടെ ഭാഷാമതിചെയ്തു. കൊച്ചിയിലെ പോലീസുവകുപ്പിനെ ശേഷിയോടും ശേമുഷിയോടുംകൂടി നാലുമാസത്തേക്കുപോലും നയിക്കുന്നതിനു പ്രാപ്തിയുള്ള ഒരാളെ സൃഷ്ടിക്കുവാൻ, കൊച്ചിയിലെ പോലീസുവകുപ്പിനു കഴിഞ്ഞിട്ടില്ലെന്നോ? ഇത്രയും കാലത്തേക്കു മാത്രം പോലീസുവകുപ്പു ഭരിക്കുവാൻ പ്രാപ്തിയുള്ള ഒരാളെ കണ്ടുപിടിക്കുവാൻ ഗവമ്മെണ്ടിനു സാധിക്കാത്തതുകൊണ്ടാണോ ഈ ഭാഷാമതി വേണ്ടിവന്നതു്? അല്ലെന്നു വിശ്വസിക്കുന്നവനാണു് ഞാൻ. കൊച്ചിയിലെ പൌരസ്വാതന്ത്ര്യത്തെ അങ്കമാനം അപഹരിച്ചിരിക്കുന്ന ഒരു കാലഘട്ടമാണിതു്. ഇതിനൊക്കെ പരിഹാരമുണ്ടാകണമെങ്കിൽ കൊച്ചിയെ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തിലേക്കു് ഉയർത്തുകയാണു് വേണ്ടതു്. ഇന്നു് ഒരു മന്ത്രി മാത്രമാണു് കൊച്ചിയിലുള്ളതു്. അതോടുകൂടി ഞങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും, ഞങ്ങളുടെ സഹോദരീസഹോദരന്മാക്കാവശ്യമായ വൈദ്യസഹായം നൽകുന്നതിനുമുള്ള ആ രണ്ടു ഡിപ്പാർട്ട്മെണ്ടുകളേയുംകൂടി എന്തുകൊണ്ടു ഞങ്ങളെ ഏല്പിച്ചുകൂടാ? കൊച്ചി പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തിൽ എത്തുമ്പോൾ മാത്രമേ കൊച്ചിയുടെ ഇന്നത്തെ ദോഷം പരിഹരിക്കപ്പെടുകയുള്ളു. അതുകൊണ്ടു് കഴിവുള്ളിടത്തോളം ജനങ്ങൾക്കു് ഒഴിച്ചുകൂടാത്ത ഡിപ്പാർട്ട്മെണ്ടുകളെയെങ്കിലും മന്ത്രിയുടെ കീഴിൽ വിട്ടുകൊടുത്തു് കൊച്ചിയിലെ ഭരണത്തിൽ ഇന്നു വന്നിട്ടുള്ള സ്വാർത്ഥപരമായ പുരോഗതിയെ തടയണമെന്നു ഞാൻ ഗവമ്മെണ്ടിനോടഭ്യർത്ഥിച്ചുകൊണ്ടു് വിരമിക്കുന്നു.

മിസ്റ്റർ വി കെ. കുട്ടി: മിസ്റ്റർ പ്രസിഡണ്ടു, സർ, ഫസ്റ്റ് ഫസ്റ്റ്-ലെ ബഡ്ജറ്റിനെ നിരൂപിക്കാനുള്ള ഈ സന്ദർഭം മുതുങ്ങിയനിലയിൽ നിർവ്വഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കൊല്ലത്തെ ബഡ്ജറ്റു പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ഒന്നാണെന്നുള്ളതിൽ സമ്മതിക്കാതെയിരിക്കുവാൻ നിർവ്വാഹമില്ല. ജനങ്ങൾ വിവിധതരത്തിൽ വിഷമങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഈ സമയംതന്നെ അവരുടെസാമ്പത്തികമായ നിലയ്ക്കു വർദ്ധിച്ചുമായ ദോഷം സംഭവിച്ചിട്ടില്ലെന്നു കാണുന്ന ഒന്നാണു ഈ കൊല്ലത്തെ ബഡ്ജറ്റു. ഇത്ര കിഞ്ചനകരമായ ഒരു ബഡ്ജറ്റു അവതരിപ്പിക്കുവാൻ കഴിഞ്ഞ കൊച്ചിഗവമ്മെണ്ടിനെ ഞാൻ അഭിനന്ദിക്കുന്നു. ഫസ്റ്റ് ൦-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന ഇനങ്ങളിൽ ചില സം

LIBRARY ARCHIVES Kerala Legislative Assembly

ഖ്യകം ആവശ്യത്തിനു മതിയാകാത്ത തരത്തിലാണെന്നു പൊതുവെ ആക്ഷേപമുണ്ടെങ്കിലും യുദ്ധപര്യവസാനത്തിൽ ഗവൺമെണ്ടു നിർവ്വഹിക്കുവാൻ ആലോചിച്ചിരിക്കുന്ന പദ്ധതിയിലേക്കു ആവശ്യമായ സംഖ്യ കരുതിയിരിക്കുന്നുവെന്നുള്ളതു ആശാവഹകരമായ സംഗതി യാണു്.

ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളതു കൊച്ചിയിലെ തൊഴിലാളികൾക്കായി ഈ ബഡ്ജറ്റിൽ എത്ര സംഖ്യ കൊള്ളിച്ചിട്ടുണ്ടെന്നുള്ള സംഗതിയെപ്പറ്റിയാണു്. ൫൦൦ ലക്ഷത്തിൽപരം വരുന്ന വരുമാനത്തിന്റെ വലിയൊരുഭാഗം കൊച്ചിയിലെ തൊഴിലാളികളാണു വഹിച്ചിട്ടുള്ളതെന്നതു ഗവൺമെണ്ടു ദയവായി ആലോചിക്കേണ്ടതുണ്ടു്. ൫൦ ലക്ഷത്തോളംവരുന്ന എക്സൈസ്സു് റവന്യൂവിൽ ഏതാണ്ടു മുഴുവനുംതന്നെ തൊഴിലാളികളുടെ അടുക്കൽ നിന്നു വസൂലാക്കിട്ടുള്ളതാണു്. ഡയറക്ടായും ഇൻഡയറക്ടായുമുള്ള വരുമാനത്തിൽ ഏതാണ്ടു പകുതിയെങ്കിലും അവക്കുവേണ്ടി വ്യയിക്കാതെ ഇരിക്കുന്നപക്ഷം അതു ഗവൺമെണ്ടു അവരോടുചെയ്യുന്ന വലിയൊരനീതിമാത്രമായിരിക്കും. അവക്കു ഇന്നത്തെ പരിതഃസ്ഥിതിയിൽ നിത്യജീവിതംകഴിച്ചുകൂട്ടുവാനുള്ള വിഷമത്തെ പരിഹരിക്കാൻ ഗവൺമെണ്ടിനേ കഴികയുള്ളൂ. ഭക്ഷിക്കാനാവശ്യമുള്ള സാധനങ്ങൾ കിട്ടുന്നില്ല ജീവിക്കാനുള്ള പരിതഃസ്ഥിതികൾ ഇല്ല. ഏതാണ്ടു ൫൦ മണിക്കൂറം പണിയെടുക്കുന്ന അവക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷണത്തിന്റെ നില ഗവൺമെണ്ടു ആലോചിക്കണം. ഡിയർനസ്സു് അലവൻസു അവക്കും കൊടുക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽപോലും അവരുടെ ജീവിതത്തെ നിലനിറുത്താൻ സാദ്ധ്യമല്ല. ആഴ്ചയിൽ ൫ ദിവസത്തെ അരികൊണ്ടുമാത്രം ൫൦ മണിക്കൂറം പണിയെടുക്കുന്ന അവക്കു ജീവിക്കാൻ സാദ്ധ്യമല്ല. ഈ ഇടെ ൫൦ സംഘങ്ങൾ ചേർന്നു ഇവിടെ തൊഴിലാളികൾക്കു ജീവിക്കാൻ സാധിക്കുന്ന രീതിയിലുള്ള ഭക്ഷണസാധനങ്ങൾ അനുവദിച്ചുകിട്ടണമെന്നു പറഞ്ഞു ഒരു പ്രമേയം പാസ്സാക്കി ഗവൺമെണ്ടിലേയ്ക്കു അയച്ചിട്ടുണ്ടു്. അവർ ഒരു ഡെപ്യൂട്ടേഷനായി അടുത്തുതന്നെ ദിവാൻ പ്രസിഡെണ്ടിനെ സമീപിക്കാൻ പോകുന്നുണ്ടെന്നും അറിയുന്നുണ്ടു്. ഫാക്ടറി തൊഴിലാളികൾക്കു ൨ മണിക്കൂർ പണിയെടുത്താൽ മതിയെങ്കിലും day and night ആയി ൧൫൰, ൧൬൰ മണിക്കൂർവേല ചെയ്യേണ്ടതായിവരുന്നുണ്ടു്. അപ്പോൾ അവക്കു ശരിയായ ഭക്ഷണം കഴിക്കാതെ നിവൃത്തിയില്ല. ഇങ്ങിനെയുള്ള പരിതഃസ്ഥിതിയിൽ അവരെ വേണ്ട സഹായംചെയ്തു രക്ഷിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, എറണാകുളം കായലിൽ വർഷംതോറമുണ്ടാകുന്ന അപകടങ്ങളിൽനിന്നു വഞ്ചിതൊഴിലാളികളേയും യാത്രക്കാരേയും രക്ഷിക്കാനായി ഒന്നു രണ്ടു ആമുലൻസു ബോട്ടുകൾ ഏർപ്പെടുത്തണമെന്നു ഈ കൌൺസിലിൽ പ്രമേയം പാസ്സാക്കീട്ടുണ്ടു്. എന്നാൽ ഇന്നുവരെ ആ സംഗതിയിൽ ഗവൺമെണ്ടു കാര്യമായശ്രദ്ധ പതിപ്പിച്ചിട്ടില്ല. കൊല്ലംതോറും ഈ കായലിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അപകടങ്ങളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടുതന്നെവരുന്നു. ഏതാണ്ടു കഴിഞ്ഞമാസത്തിലും അതിനു മുമ്പിലത്തെ മാസത്തിലുമായി എട്ടൊപത്തോ വഞ്ചികൾ മുങ്ങുകയും അനേകം സഹോദരങ്ങൾ മരണമടയുകയും ചെയ്തിട്ടുണ്ടു്. അവരുടെ കണക്കുകൾപോലും ഞങ്ങൾക്കു—പൊതുജനങ്ങൾക്കു—ഇന്നുവരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഇങ്ങിനെയുള്ള അപകടങ്ങളിൽനിന്നുള്ള സംരക്ഷണത്തിനായി ആമുലൻസു ബോട്ടു ഏർപ്പെടുത്തണമെന്നു പറഞ്ഞു തുടങ്ങീട്ടു കാലം വളരെയായി. ഏതായാലും സംഭവിച്ചിട്ടുള്ളതിനെക്കുറിച്ചു പ്രസംഗിച്ചിട്ടു കാര്യമില്ല. അതിനാൽ ഞാൻ ബഹുമാനപ്പെട്ട ഗവൺമേണ്ടിനോടു പറയുന്നതു അടുത്ത കൊല്ലത്തേയ്ക്കു എങ്കിലും സാധു തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി. ഒന്നോ രണ്ടോ ആമുലൻസു ബോട്ടുകൾ ഏർപ്പെടുത്തണം എന്നുള്ളതാണു്. ഞാൻ പറയുന്നതു് വല്ലാർപാടം, പനമ്പുകാടു്, മുളവുകാടു മുതലായ സ്ഥലങ്ങളിൽനിന്നു അയലണ്ടിൽ വേലയ്ക്കു വരുന്നവരെ ഒന്നോ രണ്ടോ ബോട്ടു ഏർപ്പെടുത്തി അവിടെനിന്നു ഐലണ്ടിലേയ്ക്കു കൊണ്ടുവരികയും വൈകുന്നേരം തിരികെ കൊണ്ടുപോയാക്കുകയുംവേണമെന്നാണു്. അങ്ങിനെ എന്തെങ്കിലും ഒരേർപ്പാടുചെയ്തു ബഹുമാനപ്പെട്ട ഗവൺമേണ്ടു അവരെ സഹായിക്കണം.

ഇനി എനിക്കു പറയുവാനുള്ളതു സാധുക്കളായ ജനങ്ങളുടെ ഇന്നത്തെ ആഹാരസ്ഥിതിയെപ്പറ്റിയാണു്. ഈ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളും സാധുക്കളും നാട്ടിൽ കിട്ടുന്ന നിസ്സാര സാധനങ്ങൾവാങ്ങി ഭക്ഷണം കഴിക്കുന്നവരുമാണു്. കൊള്ളിക്കിഴങ്ങിനെക്കുറിച്ചുള്ള സ്ഥിതിഗതികൾ ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ അവർകൾ പറഞ്ഞുകഴിഞ്ഞു. ഈ അവസരത്തിൽ മധുരക്കിഴങ്ങിനും കൺട്രോൾചെയ്തിട്ടുണ്ടു്. കൊച്ചി ഗവൺമേണ്ടു ഈ സാധനം കൊണ്ടുവരുന്നതു എവിടെനിന്നാണു; ആരാണു വരുത്തുന്നതു്; എവിടെയാണു അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവസ്ഥലം എന്നൊന്നും ആലോചിക്കാതെ കൺട്രോൾചെയ്യുന്നു ശരിയായില്ല. മംഗലാപുരം കാസർകോട്, പട്ടാമ്പി, പൊന്നാനി മുതലായ രാജ്യങ്ങളിൽനിന്നും വലിയ വലിയ വ്യാപാരികൾ ഇവിടെ വരുന്നുകയും ഇവിടെ വന്നതിനുശേഷം മറ്റുഭാഗങ്ങളിലേക്ക് വിതരണം ചെയ്യുകയുമാണു് പതിവു്. ആ സാധനവും നമ്മളും തമ്മിലുള്ള ബന്ധം എന്താണു്? ഇങ്ങിനെയുള്ള വിദേശസാമാനങ്ങൾക്കുപോലും ഇവിടെ കണ്ട്രോൾ ചുമത്തിയാൽ ഇവിടത്തെ ജനങ്ങളുടെ സ്ഥിതി എന്തായിരിക്കും? കൊള്ളിക്കിഴങ്ങിനെ സംബന്ധിച്ചിടത്തോളം ഇവിടത്തെ കണ്ട്രോൾ എടുത്തുകളയണമെന്നു അഭിപ്രായം ഇല്ല. കൊച്ചിരാജ്യത്തിൽ എവിടെയും കൊണ്ടുപോയി വില്ക്കാനുള്ള സ്വാതന്ത്ര്യംവേണമെന്നേ അഭിപ്രായമുള്ളൂ. പക്ഷെ കൊച്ചിയിൽനിന്നു പുറത്തുകൊണ്ടുപോകാതെ നോക്കേണ്ടതാണു് കൊച്ചിയിൽ എവിടെയും വില്ക്കാനുള്ള സ്വാതന്ത്ര്യംവേണം. നിയന്ത്രണവിഷയത്തിൽ ഗവമ്മെണ്ടിനു പലപ്പോഴും തെറ്റുപറ്റുന്നുണ്ടു്. ഞാൻ ഇതു നുകാണുന്നകാരണം കുറച്ചു ആലോചനക്കുറവുകൊണ്ടാണെന്നാണു്. ഓരോരുധാന്യം നിയന്ത്രണം ചെയ്യാനാലോചിക്കുമ്പോൾ അതിന്റെ ഉത്തരവസ്ഥാനം അന്വേഷിക്കുക, അതിനെപ്പറ്റി വിവരമുള്ളവരുടെ ഉപദേശം വാങ്ങുക എന്നീവഴികളിൽകൂടി ആയിരുന്നു ഗവമ്മെണ്ടിന്റെ പോക്കു എങ്കിൽ ഇങ്ങിനെയുള്ള അപകടങ്ങൾ നിശ്ചയമായും വരികയില്ലായിരുന്നു. ഡയറക്ടർക്കു അതാതുസമയംവേണ്ട നിർദ്ദേശങ്ങൾ കൊടുക്കാനായി ഒരു കമ്മറ്റിയെ ഏർപ്പെടുത്തണം എന്ന ഒരു പ്രമേയം ഞാൻ അവതരിപ്പിക്കയും അതു് ഈ സഭ പാസ്സാക്കയും ചെയ്തിട്ടുണ്ടു് എന്നാൽ അങ്ങിനെയുള്ള ഒരു കമ്മിറ്റിയല്ല ഗവമ്മെണ്ടു രൂപീകരിച്ചതു്. എന്റെ പ്രമേയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു കമ്മറ്റി ഉണ്ടായ തുന്നവെങ്കിൽ ഈ പരാതികൾക്കോ വിഷമങ്ങൾക്കോ ഇടവരികയില്ലായിരുന്നു. ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ആവശ്യവും അനാവശ്യവുമായ പല നിയന്ത്രണങ്ങളും ഉണ്ടായിട്ടുണ്ടു്. ഇപ്പോൾ ഡിപ്പാർട്ട്മെണ്ടിൽനിന്നു നിയന്ത്രണത്തിൽ വരുത്തിട്ടുള്ള സാധനങ്ങളുടെ പേരുകൾ ചോദിച്ചാൽ പെട്ടെന്നുപറയുവാൻ ഡയറക്ടർക്കു സാദ്ധ്യമല്ല. വളരെ ചിന്തിച്ചതിനുശേഷമേ പറയുവാൻ സാധിക്കുകയുള്ളൂ. എറണാകുളം മാർക്കറ്റിൽ ഏതുക്കായക്കു് കൺട്രോൾ ചെയ്തപ്പോൾ ആ സാധനം തീരെ കിട്ടാതെയായി. അനേകായിരം ജനങ്ങൾ വീടുകൾതോറും കിടക്കുവാനുള്ള സാധനംപോലുമില്ലാതെ കഷ്ടപ്പെടുന്ന സംഗതി ഈ അവസരത്തിൽ ഗവമ്മെണ്ടിനെ ധരിപ്പിച്ചുകൊള്ളുന്നു. കൺട്രോൾ ചെയ്യുവാൻ വിചാരിക്കുമ്പോൾ ആ സാധനങ്ങൾ പൊതുജനങ്ങൾക്കു വിതരണം ചെയ്യുവാനുള്ള സൌകര്യംകൂടി നമ്മുടെ സിപ്പാർട്ട്മെണ്ടു് ചെയ്തിട്ടില്ല. ഇന്നു് നിയന്ത്രണത്തിലിരിക്കുന്ന സാധനങ്ങളെപ്പറ്റി ഒരു അന്വേഷണംനടത്തി യഥാർത്ഥമായി കൺട്രോൾ ചെയ്യേണ്ട സാധനങ്ങളെ കണ്ടുപിടിച്ചു് മറ്റുള്ളവയെ അതിൽനിന്നു് ഒഴിവാക്കുവാനായിട്ടു് ഒരു കമ്മറ്റിയെ നിയമിക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ഞാൻ ഡിപ്പാർട്ട്മെണ്ടിനെ ആക്ഷേപിക്കുകയല്ല. പലേ രാജ്യങ്ങളിലും നിയന്ത്രണങ്ങൾ നടക്കുന്നുണ്ടു്. ഏതെല്ലാം സാധനങ്ങളാണു് അവിടെ നിയന്ത്രിച്ചിട്ടുള്ളതെന്നു പറയുവാൻ നിവർത്തിയില്ല. കൊച്ചിരാജ്യത്തു് ആവശ്യമായതും നിയന്ത്രിക്കേണ്ടതുമായ സാധനങ്ങൾ ഏതല്ലാമാണെന്നു നിശ്ചയിക്കുവാൻ ഒരു കമ്മറ്റിയെ രൂപീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

സർ, എന്റെ പ്രസംഗം ഇനിയും നീട്ടിക്കൊണ്ടുപോകുവാൻ ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മിസ്റ്റർ സി. കെ. നായരുടെ ഒരു പ്രസ്താവനക്കുമാത്രം രണ്ടുവാക്കു മറുപടി പറയാം. ഒരു പോലീസ് കമ്മീഷണറെ കൊച്ചിയിലേക്കു് ഇറക്കുമതിചെയ്യുകാര്യത്തെ സംബന്ധിച്ചു് ഇതിനുമുമ്പും ഈ കൌൺസിലിൽ ചില നിരൂപണങ്ങൾ ഉണ്ടായിട്ടുണ്ടു്. ആ കാലത്തുതന്നെ അതിനു മറുപടിയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണു്. അന്നത്തെ കമ്മീഷണർ രാജിവെച്ചുപോയ അവസരത്തിൽ ആ സ്ഥാനത്തേക്കു മറെറാരു വിദേശിയെ ഇറക്കുമതി ചെയ്തതാണു് ആക്ഷേപത്തിനുകാരണം.

ഇറക്കുമതിവിഷയത്തിൽ കൊച്ചിഗവമ്മെണ്ടിന്റെ നയമേന്താണെന്നു ഞാൻ ചോദിക്കുന്നു. കൊച്ചീദിവാൻജിയായി ഒരാളെ നിയമിക്കുവാൻ പോകുന്നുവെന്നുകേട്ടാൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും അതിൽ താല്പര്യമുള്ള ആളുകൾ വൈസ്രായിക്കും ഇൻഡ്യാഗവമ്മെണ്ടിനും മറ്റും ചില മെമ്മോറാണ്ടം സമർപ്പിക്കുവാൻ നടക്കുകയായി. അതുകഴിഞ്ഞു് നിയമനം കഴിയുമ്പോൾ ഹൈക്കോടതി ജഡ്ജിയുടെ നിയമനം വരും. അവിടെ ഒരു ക്രിസ്ത്യാനിവേണം. എന്നാൽ അതു വിദേശിയാകാൻ പാടില്ല എന്നുപറഞ്ഞുതുടങ്ങും. പിന്നെ ഡിസ്ട്രിക്ട്കോട്ടിൽ ഒരു നിയമനം വന്നാൽ അവിടെയുംഎത്തും. ഈ നിലയിൽ നോക്കുമ്പോൾ ദിവാൻജി ഈ രാജ്യക്കാരൻ പാടില്ല, ജഡ്ജി ഈ രാജ്യക്കാരൻതന്നെവേണം എന്നുവ

LIBRARY ARCHIVES Kerala Legislative Assembly

ങ്കും. അപ്പോൾ ഇവിടത്തെ പോളിസിയൊക്കെമാറി. അന്നത്തെ പരിതഃസ്ഥിതിയിൽ വിദേശത്തുനിന്നും ഒരാളെ ഇറക്കുമതി ചെയ്താലല്ലാതെ ഇവിടത്തെ വിഭവങ്ങളെ അഭിമുഖീകരിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതു് പ്രത്യക്ഷമായ ഒരു സംഗതിയാണു്.

മിസ്റ്റർ എ. വി. മുത്തേടൻ : കപ്യസ്റ്റ്യൻ.

മിസ്റ്റർ വി. കെ കുട്ടി: അന്നത്തെ പരിതഃസ്ഥിതിയനുസരിച്ചു് ഒരു കമ്മീഷണറെ വച്ചു. ഒരു കൃസ്ത്യാനിയെ കൊണ്ടുവരാമെങ്കിൽ എന്തുകൊണ്ടു് ഒരു മുസൽമാനെ കൊണ്ടുവന്നുകൂടാ? എന്തൊരു കുത്സിതമാണു കാണിക്കുന്നതു്. ഒരാൾ ജനറലായിട്ടുള്ള ഒരു പോളിസിയെടുക്കണം. ഏതു കാലത്തോ ആരുടെ ഭാഗ്യംകൊണ്ടോ ഒരാൾ ഇവിടെ വന്നുകൂടി ഒരാളേയും വഴിപിഴപ്പിക്കാതെ എല്ലിച്ചുകായ്ച്ചു ശരിയായി ചെയ്യുവാനുള്ളതു് എല്ലാവർക്കും ബോദ്ധ്യമാണു്. അവനവനു വേണ്ടകായ്ക്കുള്ളിൽ അതാതു സമുദായങ്ങൾക്കു തോന്നുന്ന കാരോപോളിസിയല്ല എടുക്കേണ്ടതു്. ജനറലായ ഒരു പോളിസിയാണു് നമുക്കുവേണ്ടതു്. കൊച്ചിരാജ്യത്തു മുസൽമാന്മാരിൽ പ്രാപ്തിയുള്ള ആളുകളില്ലാത്തതുകൊണ്ടാണു കൊടുക്കാതെന്നു പല ദിവാൻജിമാരും പറഞ്ഞിട്ടുണ്ടു് ഫുഡു് ഡിപ്പാർട്ടുമെണ്ടിൽതന്നെ ഇപ്പോൾ ധാരാളം നിയമനങ്ങൾ നടത്തുന്നുണ്ടു്. ഒരു നിയമനമെങ്കിലും ഒരു മുസൽമാനുകൊടുക്കുവാനുള്ള മഹാമനസ്കത ആ ഡിപ്പാർട്ടുമെണ്ടിനുണ്ടായിട്ടുണ്ടോ? അതുപോലെ പല ഡിപ്പാർട്ടുമെണ്ടുകളിലും നിയമനമുണ്ടായിട്ടുണ്ടു്. വാസ്തവത്തിൽ ഞങ്ങളിൽ ഉദ്യോഗത്തിനു പ്രാപ്തിയുള്ളവരുണ്ടെന്നു കാണിച്ചുകൊടുത്തിട്ടും ഞങ്ങളെ മാറിനിറുത്തിയിരിക്കയാണു്. സമുദായങ്ങളുടെ നിലയിൽ ഉള്ള പോളിസി എടുക്കുന്നതു് തെറ്റാണു് അതുകൊണ്ടു് ജനറലായിട്ടുള്ള ഇറക്കുമതിയെ സംബന്ധിച്ചുള്ള വാദങ്ങൾ കൊണ്ടുവരരുതെന്നുള്ള അപേക്ഷയോടുകൂടി ഞാൻ വിരമിക്കുന്നു.

Mr. N. V. Subbarayan Chettiyar *(Nominated)*: Mr. President Sir, on a perusal of the Budget, I had very great pleasure to note that the Revised Budget Estimate for the year 1118 has closed with a surplus of more than Rs 26 lakhs out of which Rs. 20 lakhs is proposed to be transferred to the Revenue Reserve Fund which will then stand at above Rs. 55 lakhs. The Diwan President in his opening speech has declared that this sum and more will be utilised to finance various schemes which the Government are contemplating in connection with plans for post war development. The year 1118 was the most critical in the history of Cochin and the world at large when compared with the conditions that existed before. I believe that the surplus for the year 1119 will be double than what it was for the year 1118 so that Government will be able to add further larger sums to the Revenue Reserve Fund thereby making larger provisions for post war schemes. The life for a few years to come after the war would be horrible than what it is at present and I have to congratulate the Diwan President and the Government for the early steps they have taken to make provision to fight against poverty and unemployment which may be the first direct result of the war.

It is gratifying to note that a full-time officer has been appointed to work out schemes for post war reconstruction and two conferences were held at which various schemes were discussed and certain tentative conclusions reached. In this connection I have to point out that although Cochin State is the most thickly populated area in the world, it is the most thinnest in respect of industrialisation and I may say that Cochin is far worse off than most of her sister States like Travancore Mysore and Hyderabad. Although there is ample of raw materials, grown and produced in Cochin, like, cocoanut, coir, cotton, sugar-cane, groundnut, etc., there is not a single concern in Cochin State in which these raw products can be converted into finished products for export to foreign places. Government may say that it may be due to want of initiative among the public to organise such industries. But in a place like Cochin; where people are only anxious to educate their children up to School Final or B A and advise them to seek for some petty appointment, in State service, unless Government take an initiative in the matter and educate the children in business or technical lines to my mind, it seems that it is impossible for Cochinites to learn for themselves in industrial lines. Therefore, I would suggest that as a post war reconstruction measure, the present educational system in Cochin State has to be thoroughly overhauled. Most of the High Schools and Colleges at present in the State may be closed for a few years and the children should be given free industrial training out of the amount available by closing the present schools and colleges.

The Diwan-President in the opening speech has pointed out that a number of irrigation schemes the most important of which *viz.*, the Chalakudy Scheme and the Kambalathara Eri Scheme will be taken up next year. These schemes, if completed, will not only solve the present difficulties for adequate irrigiation but will also supply water for thousands of acres of parambas

LIBRARY ARCHIVES Kerala Legislative Assembly

which can be converted into first class nilams. Besides, these schemes will also provide labour for thousands of people for a long time. The sooner these schemes are taken up the better will be the result in the direction of the grow more food campaign.

I would like to add that in Chittur Taluk there are ample facilities for starting of a sugar-cane factory, one ginning factory, and one Textiles. Now that electricity is supplied to Chittur from Pykara, it would be quite easy to obtain cheap electricity to start these factories. Thousands of acres of parambas are now cultivated with sugar-cane, cotton and groundnut. At present since there are no factories to support these cultivators, they are depending upon people in Bri i.h India; *viz.*, in Pollachi and Coimbatore, for consumption of their raw products. Now that control system and ban on export have been introduced, these cul.ivators are put to extreme hardship. If only proper facilities are started in Chittur Taluk, the whole of jaggery, sugar, cotton seeds, oil cakes for manure and the required cotton goods required for consumption in the whole of Cochin State can be made in Chittur which will on one side encourage the cultivators and provide labour for thousands of people. I hope Government whould give their due consideration for the above schemes also.

മിസ്റ്റർ ബി. എം. പീറർ: മിസ്റ്റർ പ്രസിഡണ്ട് സർ, ഞാൻ ഈ കൊല്ലത്തെ ബഡ്ജറിനെപ്പറ്റി ബഹുമാനപ്പെട്ട ഫൈനാൻസ് മെമ്പറെ അഭിനന്ദിക്കുകയാണ് ചെയ്യുന്നത്. അതിന്റെ രൂപീകരണത്തിൽ തന്നെ ചില ഐറ്റങ്ങളും വരുത്തി കാണുന്നതിൽ സന്തോഷിക്കുന്നു. അതായത് സഭയുടെ അറിവിലേയ്ക്കു വേണ്ട പല മാറ്റങ്ങളും മുൻ കൊല്ലങ്ങളിലെ ബഡ്ജറ് രൂപീകരണ രീതിയെ ആശ്രയിക്കാതെ other changes-ും miscellaneous-ും മറ്റും ഉൾപ്പെടുത്തി കാണുന്നതിൽ സന്തോഷിക്കുന്നു. അതിനുള്ള സംഖ്യ മുൻ കൊല്ലങ്ങളെ അപേക്ഷിച്ചു ചുരുക്കി കാണുന്നതിൽ അഭിനന്ദിക്കുന്നു. പിന്നെ ബഡ്ജറിന്റെ മിച്ച സംഗതിയെപ്പറ്റി ഇവിടെയുള്ള വേറെ മെമ്പർമാർ ശരിയായി വിമർശിച്ചിട്ടുള്ളതുകൊണ്ടു ഞാൻ അതിനായി ഒരുങ്ങുന്നില്ല. എങ്കിലും ഒന്നു രണ്ടു സംഗതികളും പറയാതെ തരമില്ല.

അതായതു രോഗികൾക്കു ഭക്ഷണത്തിനും മരുന്നിനും നീക്കി വെച്ചിട്ടുള്ള സംഖ്യ വളരെ തുച്ഛമാണ്. ആ സംഖ്യ കുറച്ചു കൂടി കൂട്ടാതെ സാധുക്കളായ രോഗികൾക്കു രക്ഷകിട്ടുന്നതല്ല. അതിനായി ഞാൻ ഗവമ്മേണ്ടിനോടു അപേക്ഷിച്ചുകൊള്ളുന്നു.

ഇനി എനിക്കു ഈ സഭയെ ധരിപ്പിക്കാനുള്ളതു മുൻകൊല്ലങ്ങളിലെ ബഡ്ജറിൽ ഒരു പല്ലവി പാടിക്കൊണ്ടിരുന്നതു ഗ്രാമോദ്ധാരണം, ഗ്രാമോദ്ധാരണം എന്നൊന്നായിരുന്നു. അതു രൂപാന്തരപ്പെട്ടു ഇപ്പോൾ യുദ്ധാനന്തര പുനരുദ്ധാരണം എന്നായിട്ടുണ്ട്. ഏതു തരത്തിൽ രൂപാന്തരപ്പെട്ടാലും കൊച്ചിയുടെ സ്ഥിതി നോക്കിയാൽ നാം പഴയപടിയെ പാലിക്കുന്നതാണു ഉത്തമം. കൊച്ചിയിലെ വ്യ ശതമാനം ജനങ്ങളും വില്ലേജുകളിലാണു താമസിക്കുന്നതു. അവരുടെ ആവശ്യങ്ങളെ—നിത്യജീവിതക്രമങ്ങളെ—ശരിയായി ആലോചിക്കേണ്ട കടമ ഗവമ്മേണ്ടിനുണ്ട്. നിങ്ങളുടെ ഓഫീസുകളെ വില്ലേജുകളിലേയ്ക്കു തിരിച്ചാൽ കാണുന്ന കാഴ്ച ടൌണിലേയുമായി വളരെ വ്യത്യസപ്പെട്ട ഒന്നായിരിക്കും. അതായതു കൊച്ചിയിലെ എല്ലാ സ്ഥലങ്ങളിലും ഇന്നും നടന്നു പോകുവാൻ വഴികളും ഇല്ല. അതിനും പുറമെ മനുഷ്യനത്യാവശ്യമായിരിക്കുന്ന ശുദ്ധ ജലം ശരിയായ രീതിയിൽ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. അവർക്കു ശരിയായ രീതിയിൽ ഒരു വീട്ടിൽ താമസിക്കുന്നതിനാവശ്യമായ സുഖസൌകര്യങ്ങളും ലഭിച്ചിട്ടില്ല. ഈ വക കാര്യങ്ങളും ഒക്കെ ആയിരിക്കണം നമ്മുടെ പോസ്റ്റ്വാർ റീകൺസ്ട്രക്ഷൻ സ്കീമിൽ ആലോചിക്കേണ്ടതു. ഞാൻ വ്യവസായത്തെപ്പറ്റിയൊ കൃഷിയെ ആശ്രയിച്ചു ഇവിടത്തെ സാമ്പത്തിക നില നന്നാക്കണമെന്നൊ ഗവമ്മേണ്ടിനോടു പറയുന്നില്ല. അവയൊക്കെ പലേ സന്ദർഭങ്ങളിലും ഗവമ്മേണ്ടിനെ ഉൽബോധിപ്പിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ ജനങ്ങളുടെ സാമ്പത്തികനില നന്നാക്കാൻ വേണ്ടതു ഗവമ്മേണ്ടു ചുണ്ടിക്കാണിച്ചു കൊടുക്കണം. എന്നാലെ കൊച്ചിയിലെ ഗ്രാമങ്ങളിൽ താമസിക്കുന്ന വ്യ ലക്ഷം ജനങ്ങൾക്കും സുഖജീവിതത്തിനു പ്രാപ്തരാകയുള്ളൂ.

ഇനി പറയാനുള്ളതു സപ്ലൈ ഡിപ്പാർട്ടുമെണ്ടിനെക്കുറിച്ചാണ്. നമ്മുടെ സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽനിന്നും നടത്തുന്ന സപ്ലൈസ് പരിപൂർണ്ണമായ പദ്ധതിയിൽ എത്തിച്ചേർന്നിട്ടുണ്ടെന്നു പറയാൻ തയ്യാറുള്ളവനല്ല ഞാൻ. പക്ഷേ അതു പുതിയതായ ഒരു ഡിപ്പാർട്ടുമെണ്ടാണു, അതിനു പലതരത്തിലുള്ള പരിഷ്കാരങ്ങളും ആവശ്യമായി വരാം. അതെല്ലാം ഒന്നായി ചെയ്തു തീർക്കാൻ സാദ്ധ്യമല്ലെന്നു സമ്മതിക്കുന്നു; എങ്കിലും, അതിന്റെ ഫലവു-ലെ വരവു എന്താണെന്നും, നഷ്ടമൊ ലാഭമൊ എന്താണെന്നുമുള്ള വസ്തുത ശരിയായി അറിവാൻ

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിലെ പൌരാവലി കമ്മ്യൂണിസ്റ്റുകാരുടെ കാത്തിരിക്കുകയാണെന്നു പറയാതെ തരമില്ല. അതെല്ലാം അജ്ഞാതമായിട്ടാണിരിക്കുന്നതു് ഇവിടത്തെ നെല്ലുല്പാദനത്തിന്റെ കണക്കു നോക്കിയാൽ ഗവർമ്മേണ്ടു് ഒരു പറ നെല്ലിനു കൊടുക്കുന്ന വില പ്രയോജനമുണ്ടു്. അതിൽനിന്നു കിട്ടുന്ന അരി പ്രയോജനമാണു്. ഗവർമ്മേണ്ടു് അതു പ്രയോജനമില്ലാത്തതാണു് വില്ക്കുന്നതു്. അതിനു കൂലിക്കൂലി നഷ്ടം. നിശ്ചയിക്കുക. എന്നാലും ഗവർമ്മേണ്ടിനു വലിയ ലാഭം ഉണ്ടു്. ഇങ്ങിനെ ലാഭമുണ്ടാകുന്നതു ഗവർമ്മേണ്ടു് ഖജാനയിൽ വരികയാണെങ്കിൽ അതുകൊണ്ടുണ്ടാകുന്ന ഗുണം പൌരാവലിക്കാണു്. അല്ലെങ്കിൽ അതുകൊണ്ടുണ്ടാകുന്ന ഗുണം അതു കൃഷി ചെയ്യുന്നവർക്കുള്ള സാധുക്കൾക്കായിരിക്കണം. എന്നാൽ അതേതു സ്ഥാനത്തേക്കു പോകുന്നുവെന്നറിഞ്ഞുകൂടാ.

ഇതിനു പുറമെ ഞാൻ ഒരു ശുപാർശം പറയാം. ഏറണാകുളത്തും മട്ടാഞ്ചേരിയിലും ഒരു നേരത്തെ ഭക്ഷണത്തിനു വിലയും പ്രവേശനവും കൊടുക്കണം. മദ്രാസ്സിൽ പോയാൽ സൌജന്യമതി കോയമ്പത്തൂരും സൌജന്യമാണു്. ഇവിടെ നാഴിയരിക്കു നാലു പൈ ആണു്. നാഴിയരിയുണ്ടെങ്കിൽ ഒരാളുടെ ഒരു നേരത്തെ ഭക്ഷണത്തിനു മതിയാകുന്നതാണു്. പിന്നെ ഇവിടെ ഹോട്ടൽകാർ പ്രവേശനവും വിലയും മറ്റും വാങ്ങിക്കുന്നതിന്റെ രഹസ്യം മനസ്സിലാകുന്നില്ല. സാധാരണയായി വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കണം എന്നു പറയുന്ന ആളാണു ഞാൻ, എങ്കിലും ഈ അവസരത്തിൽ അവരുടെ ശമ്പളം കുറച്ചു കൂട്ടണം എന്നു പറയുന്നതിൽ എനിക്കു മടിയില്ല. ഏറണാകുളത്തും മട്ടാഞ്ചേരിയിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യം കഷ്ടമാണു്. ഇപ്പോൾ 100 രൂപാവരെയുള്ളവർക്കു മാത്രമാണു ഡിയർനസ് അലവൻസ് കൊടുക്കുന്നതു്. 100 രൂപയുടെ മേൽ ശമ്പളമുള്ളവർക്കും അലവൻസ് കൊടുക്കണമെന്നാണു ഞാൻ പറയുന്നതു് ഒരു നേരത്തെ ഭക്ഷണത്തിനു വില. മുതൽ പ്രവേശനവരെ കൊടുക്കേണ്ടിവരുന്നുവെന്നുള്ളതിൽ നിന്നു മനസ്സിലാക്കാം, ഇവിടത്തെ റേഷൻ സിസ്റ്റം തൃപ്തികരമായി ഇവർക്കു ചെയ്യാൻ സാധിച്ചിട്ടില്ലെന്നു്. പിന്നെ ഏതെങ്കിലും തരത്തിൽ ശ്രുതഗതിക്കൂട്ടി ഈ കണക്കു പരിശോധനയ്ക്കു ഒരു സ്റ്റാഫിനെ നിശ്ചയിച്ചാൽ കൊള്ളാം.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ആളുകൾ അനവധി ഇപ്പോൾതന്നെയുണ്ടു്.

മിസ്റ്റർ ബി. എം പീറർ: അങ്ങിനെ ഒരു സ്റ്റാഫുണ്ടെങ്കിൽ ഇതുവരെ കണക്കു പറഞ്ഞു വന്നിട്ടില്ല എന്റെ കച്ചവടം മട്ടാഞ്ചേരിയിലാണു്. ഞാൻ കേൾക്കുന്നതു ശരിയാണെങ്കിൽ സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽ നിന്നു പല സാധനങ്ങളും നഷ്ടപ്പെട്ടു പോകുന്നുണ്ടെന്നാണു്. ഇതു വാങ്ങിക്കുമ്പോൾ പോകുന്നതോ അതോ ഇവിടെ കൊണ്ടുവന്നതിനുശേഷം സൂക്ഷിക്കാതെ പോകുന്നതോ എന്താണെന്നു അറിഞ്ഞുകൂടാ. ഗവർമ്മേണ്ടിനു് നഷ്ടം വന്നാൽ അതു ജനങ്ങൾക്കു നഷ്ടമാണു്. ലാഭം ഇന്നു ഖജാനയിലുണ്ടെങ്കിൽ അതിൽ സന്തോഷിക്കുന്നു. സംഖ്യ ഖജാനയിലുണ്ടെങ്കിൽ അത്യാവശ്യകാര്യങ്ങൾക്കു ചോദിച്ചാൽ കിട്ടുമെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ടു്.

ഇത്രമാത്രമാണു എനിക്കു് പറയുവാനുള്ളതു് അല്ലാതെ മറ്റൊന്നും പറയാനില്ല.

The House rose for the day at 5 p.m.

N. S. RADHAKRISHNA SARMA
Secretary to the Council

APPENDIX I

(Please see Question No. 2)

	Hospitals	*Started on*		*Hospitals*	*Started on*
1	Ernakulam	27—4—1119	4	Kodakara	20—7—1119
2	Azhicode	6—8—1119	5	Cheruthuruthi	8—8—1119
3	Tattamangalam	2—9—1119			
	Vaidyasalas	*Started on*		*Vaidyasalas*	*Started on*
1	Villyadom	23—6—1119	6	Chelakara	14—7—1119
2	Elankunnapuzha	11—8—1119	7	Edavilangu	do.
3	Mundur	13—8—1119	8	Machad	do.
4	Vadakkancheri	12—8—1119	9	Sreemulanagaram	do.
5	Kandassankadavu	14—7—1119	10	Nalleppilli	do.

LIBRARY ARCHIVES Kerala Legislative Assembly